ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# അല്ലാഹുവെക്കുറിച്ച് നല്ലതുമാത്രം വിചാരിക്കുക

عَنْ جَابِرِ بْنِ عَبْدِ اللهِ رَضِيَ اللهُ عَنْه أَنَّه سَمِعَ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَبْلَ مَوْتِهِ بِثَلَاثَةِ أَيَّامٍ يَقُولُ: لَا يَمُوتَنَّ أَحَدُكُمْ إِلَّا وَهُوَ يُحْسِنُ الظَّنَّ بِاللهِ (رواه مسلم)

**ജാബിറുബ്‌നു അബ്ദില്ല(റ)യിൽനിന്ന്. നബി(സ) നിര്യാതനാകുന്നതിന്റെ മൂന്നു ദിവസം മുമ്പ് അവിടുന്ന് ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: 'നിങ്ങളിൽ ആരും അല്ലാഹുവെക്കുറിച്ച് നല്ല വിചാരത്തോടെയല്ലാതെ മരിക്കുകയേ അരുത് (മുസ്‌ലിം).**

ഇസ്‌ലാമിക വിശ്വാസപ്രകാരം ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും അല്ലാഹുവെക്കുറിച്ച് സത്യവിശ്വാസികൾക്ക് ശരിയായ വിശ്വാസവും കൃത്യമായ ധാരണയും നല്ല മനോഭാവവും ഉണ്ടാവേണ്ടതുണ്ട്. അഹ്‌സാബ് യുദ്ധവേളയിൽ ഉറച്ച നിലപാടെടുക്കുന്നതിൽ ചില്ലറ വീഴ്ചകൾ പറ്റിയപ്പോൾ, 'നിങ്ങൾ അല്ലാഹുവെപ്പറ്റി പലതും ധരിച്ചുപോയി' (*അൽഅഹ്‌സാബ്*: 10) എന്ന് ഖുർആൻ നിരൂപണം നടത്തുന്നുണ്ട്. മേൽ ഹദീസിലെ 'ഹുസ്‌നുള്ളന്ന്' എന്നതിന്റെ വിവക്ഷ 'തർജീഹു ജാനിബിൽ ഖൈർ അലാ ജാനിബിശ്ശർറ്' (ഒരു വ്യക്തിയിലെയോ വസ്തുവിലെയോ തിന്മയേക്കാൾ നന്മക്ക് മുൻഗണന നൽകുക) എന്നാണ്.

ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ദോഷൈകദൃക്കുകളാവാതെ ശുഭപരിണതികൾ പ്രതീക്ഷിക്കുന്നവരാവണം സത്യവിശ്വാസികൾ. നബിപത്‌നി ആഇശ(റ)യെക്കുറിച്ച വ്യാജാരോപണ സംഭവം തങ്ങൾക്ക് ഗുണപരമായി ഭവിക്കും എന്ന നല്ല പ്രതീക്ഷയുണ്ടാവാതിരുന്നതെന്തുകൊണ്ട് എന്ന് ഖുർആൻ സ്വഹാബികളോട് ചോദിക്കുന്നുണ്ട്. 'നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുമ്പോൾ ഉത്തരം കിട്ടുമെന്ന ഉറച്ച ബോധ്യത്തോടെയാവണം പ്രാർഥിക്കേണ്ടത്' എന്ന നബി(സ)യുടെ ഉദ്‌ബോധനം ശുഭപ്രതീക്ഷ മുന്നോട്ടു വെക്കുന്നു. ഹിജ്‌റ വേളയിൽ, സൗർ ഗുഹയിൽ കഴിയവെ ശത്രുക്കൾ കാണുമോ എന്ന് ആശങ്കിച്ച അബൂബക്‌റി(റ)നെ നബി(സ) ആശ്വസിപ്പിച്ചത് 'അല്ലാഹു മൂന്നാമനായുള്ള രണ്ടുപേരെക്കുറിച്ച് എന്താണ് നിങ്ങളുടെ വിചാരം?' എന്നായിരുന്നു. അല്ലാഹുവിനെക്കുറിച്ച് തെറ്റായ ധാരണ വെച്ചുപുലർത്തുക കപടവിശ്വാസികളും ബഹുദൈവവിശ്വാസികളുമാണെന്ന് (*അൽഫത്ഹ്*: 6) ഖുർആൻ എടുത്തുപറയുന്നുണ്ട്.

സത്യവിശ്വാസികൾ പ്രഥമവും പ്രധാനവുമായി സദ്‌വിചാരം പുലർത്തേണ്ടത് അല്ലാഹുവിനെക്കുറിച്ചാണ്. അല്ലാഹുവിനെക്കുറിച്ച് സദ്‌വിചാരം സാർഥകമാവുക, സൽകർമങ്ങളിൽ വ്യാപൃതനാവാൻ അത് പ്രേരകമാകുമ്പോഴാണ്. അല്ലാഹുവെക്കുറിച്ച് ഉത്തമധാരണ സാധ്യമാവുക മൂന്ന് അടിസ്ഥാനങ്ങൾ ഒന്നിക്കുമ്പോഴാണ്; അല്ലാഹുവോടുള്ള കറകളഞ്ഞ സ്‌നേഹം, അല്ലാഹുവെക്കുറിച്ച ഭയം, അല്ലാഹുവിന്റെ സ്‌നേഹം നേടാനുള്ള പ്രവർത്തനങ്ങൾ. സർവസമ്പൂർണനായ അല്ലാഹുവെക്കുറിച്ച് ശരിയായ ജ്ഞാനത്തിൽനിന്നാണ് അവനോടുള്ള സ്‌നേഹം ഉടലെടുക്കുക, ഗംഭീരനായ അല്ലാഹുവിനെക്കുറിച്ച യഥാർഥ ജ്ഞാനത്തിൽനിന്നാണ് അവനെക്കുറിച്ച ഭയം ഉണ്ടാവേണ്ടത്; ശരിയായ സ്‌നേഹത്തിൽനിന്നും ഭയത്തിൽനിന്നും യഥാർഥ ജ്ഞാനത്തിൽനിന്നുമാണ് സൽക്കർമങ്ങളിൽ വ്യാപൃതനാകാനുള്ള ഊർജം ലഭിക്കുക.

ദുരിതങ്ങളും പ്രയാസങ്ങളുമുണ്ടാവുമ്പോൾ നിരാശരാവാതെ നല്ല വിചാരം പുലർത്താൻ കഴിയണം. തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാത്തതിന്റെ പേരിൽ വിമർശനവിധേയരായ മൂന്നു പേരെക്കുറിച്ച ഖുർആന്റെ പരാമർശം ഈ സദ്‌വിചാരത്തിന്റെ തീവ്രത വ്യക്തമാക്കുന്നുണ്ട്: ''അല്ലാഹുവിൽനിന്ന് രക്ഷനേടാൻ അവങ്കലല്ലാതെ അഭയസ്ഥാനമില്ലെന്ന് അവർ മനസ്സിലാക്കിയപ്പോൾ അല്ലാഹു വീണ്ടും അവരുടെ നേരെ കനിഞ്ഞു മടങ്ങി'' (*അത്തൗബ*: 118). അല്ലാഹുവെക്കുറിച്ച നല്ല വിചാരം മൂവരെയും രക്ഷിച്ചു എന്നു സാരം.

അല്ലാഹുവെക്കുറിച്ച സദ്‌വിചാരം ശക്തമാവേണ്ടത് മരണാസന്ന ഘട്ടത്തിലാണ്. രോഗശയ്യയിലായിരുന്ന ഒരു യുവാവിനെ സന്ദർശിച്ച് നബി(സ) ചോദിച്ചു: 'എന്താണവസ്ഥ?' യുവാവ്: 'അല്ലാഹുവാണ, അല്ലാഹുവിന്റെ ദൂതരേ, ഞാൻ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നു. എന്റെ പാപങ്ങളെ ഞാൻ ഭയപ്പെടുന്നു.' പ്രതികരണമായി നബി(സ) പറഞ്ഞു: 'അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച പ്രതീക്ഷയും, സ്വന്തം തെറ്റുകളെക്കുറിച്ച ആശങ്കയും സമ്മേളിക്കുന്ന മരണവേളയിൽ അല്ലാഹു അയാൾക്ക് അയാൾ ആഗ്രഹിക്കുന്ന കാരുണ്യവും ഭയാശങ്കകളിൽനിന്ന് നിർഭയത്വവും നൽകുന്നതായിരിക്കും' (തിർമിദി).

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച ഭയവും രക്ഷയെക്കുറിച്ച പ്രത്യാശയും പരാമർശിക്കുന്ന മൊത്തം ഹദീസുകൾ പരിശോധിച്ചപ്പോൾ ഭയത്തെക്കുറിച്ച് പരാമർശിക്കുന്നതിനേക്കാൾ കൂടുതൽ ഹദീസുകൾ പ്രത്യാശ നൽകുന്നവയാണെന്ന് ഇമാം നവവി പ്രസ്താവിക്കുകയുണ്ടായി. 'എന്റെ കാരുണ്യം എല്ലാ വസ്തുക്കളെയും ചൂഴ്ന്നുനിൽക്കുന്നു' എന്ന ഖുർആൻ സൂക്തവും, 'എന്റെ കാരുണ്യം എന്റെ കോപത്തെ മികച്ചുനിൽക്കുന്നു' എന്ന ഖുദ്‌സിയായ ഹദീസും മാത്രം മതി അല്ലാഹുവെക്കുറിച്ച സദ്‌വിചാരം നിലനിർത്തണമെന്നതിന് തെളിവായെന്നും നവവി രേഖപ്പെടുത്തുന്നു.

അല്ലാഹുവിലേക്ക് യാത്രചെയ്യുന്ന സഞ്ചാരിയുടെ രണ്ടു ചിറകുകളാണ് ഭയവും പ്രതീക്ഷയും. ആരോഗ്യമുള്ളപ്പോൾ അല്ലാഹുവെക്കുറിച്ച ഭയം മികച്ചുനിൽക്കണം. സൽക്കർമങ്ങളിൽ മുഴുകാൻ അതു സഹായിക്കും. അനാരോഗ്യ - മരണാസന്ന ഘട്ടങ്ങളിൽ അല്ലാഹുവെക്കുറിച്ച സദ്‌വിചാരവും അവന്റെ പ്രതിഫലത്തെയും പ്രീതിയെയും കുറിച്ച പ്രതീക്ഷയും മുന്തിനിൽക്കണം. ഇതു രണ്ടും സാധ്യമാവാൻ അല്ലാഹുവെക്കുറിച്ച വിശ്വാസം നാം എപ്പോഴും നവീകരിച്ചുകൊണ്ടേയിരിക്കണം. ●